**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **09-10-2024 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലം നിയോജകമണ്ഡലം പരിധിയിൽ മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും അവയോരോന്നും ഏതൊക്കെ ഘട്ടത്തിലാണെന്നും വിശദമാക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇവ ഓരോന്നിനും എന്നാണ് ഭരണാനുമതി ലഭ്യമാക്കിയത്; ഭരണാനുമതി ലഭ്യമാക്കിയിട്ടും പ്രവൃത്തികളിൽ പലതും പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണങ്ങൾ വ്യക്തമാക്കാമോ? | (ബി) | **1. കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ വെള്ളന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാൽ അറ്റകുറ്റ പ്രവൃത്തി**<br><br>പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് 30.11.2023 ന് ആണ്. പ്രവൃത്തി 10% പൂർത്തീകരിച്ചു. പമ്പിങ്ങിന് മുന്നോടിയായി പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്.<br><br>**2. ചാത്തമംഗലം പഞ്ചായത്തിലെ എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം നിർമ്മാണ പ്രവൃത്തി**<br><br>പ്രസ്തുത പ്രവൃത്തിക്ക് 28.06.2017 ൽ ഭരണാനുമതിയും 02.03.2019 ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 06.02.2020 ൽ എഗ്രിമെന്റ് വച്ച ടി പ്രവൃത്തിയുടെ കരിങ്കൽ ഡംബിംഗ് പ്രവൃത്തികൾ 100 %, പമ്പ്ഹൗസിന്റെ പ്രവൃത്തികൾ 90%, കൂടാതെ സിസ്റ്റേണുകളുടെ പ്രവൃത്തി, 330മീറ്റർ നീളത്തിൽ പൈപ്പ് ഇടുന്ന പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തിയുടെ ഡി.ഐ പൈപ്പുകൾ കടന്നുപോകുന്ന കള്ളൻതോട് കുളിമാട് റോഡിൽ KRFB പ്രവൃത്തി നടന്നുവരുന്നുണ്ട്. റോഡിന്റെ വശങ്ങളിലൂടെ ജല അതോറിറ്റിയുടെ പൈപ്പുകൾ കടന്നുപോകുന്നതിനാൽ റോഡിന്റെ പ്രൊഫൈൽ KRFB അടയാളപ്പെടുത്തിയതിന് ശേഷം മാത്രമേ ഇവിടെ പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുമായിരുന്നുള്ളു. ജനുവരി മാസത്തിലാണ് പ്രൊഫൈൽ അടയാളപ്പെടുത്തിയത്. കൂടാതെ പമ്പ് ഹൗസിലേക്കുള്ള വൈദ്യുതീകരണ പ്രവൃത്തികളുടെ |

| | | | |
|---|---|---|---|
| | | | എസ്റ്റിമേറ്റ് PWD ഇലക്ട്രിക്കൽ വിഭാഗത്തിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തന്നെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.<br><br>3. **കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ വെള്ളന്നൂർ ഇറിഗേഷൻ സ്കീമിന്റെ ഭാഗമായി പാർശ്വ ഭിത്തി സംരക്ഷണവും അറ്റകുറ്റ പ്രവൃത്തികളും**<br><br>പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി 30.03.2022-ൽ നൽകിയിട്ടുണ്ട്. ഇതിൽ പൈപ്പിടുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, സംരക്ഷണ ഭിത്തി നിർമ്മാണം, എൽ. ഐ. സ്കീമിന്റെ മറ്റ് അറ്റകുറ്റ പണികൾ എന്നിവയുൾപ്പെടെയുള്ള സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മെക്കാനിക്കൽ പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്. ആയത് ഉടനെ ആരംഭിക്കുമെന്ന് മെക്കാനിക്കൽ വിഭാഗം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**കുന്ദമംഗലം മണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

| നം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| **പ്ലാൻ** | | | |
| 1. | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ വെള്ളന്നൂർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാൽ അറ്റകുറ്റ പ്രവൃത്തി | 15.00 | പ്രവൃത്തി 10% പൂർത്തീകരിച്ചു |
| 2. | ചാത്തമംഗലം പഞ്ചായത്തിലെ എരഞ്ഞിപ്പറമ്പ് ലിഫ്റ്റ് ഇറിഗേഷൻ സ്കീം നിർമ്മാണം | 160.00 | പ്രവൃത്തി 85% പൂർത്തീകരിച്ചു |
| **നോൺ പ്ലാൻ** | | | |
| 1. | കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം പഞ്ചായത്തിലെ വെള്ളന്നൂർ ഇറിഗേഷൻ സ്കീമിന്റെ ഭാഗമായി പാർശ്വഭിത്തി സംരക്ഷണവും അറ്റകുറ്റ പ്രവൃത്തികളും | 15.00 | സിവിൽ വർക്ക് പൂർത്തീകരിച്ചു. മെക്കാനിക്കൽ വർക്ക് പൂർത്തീകരിക്കേണ്ടതുണ്ട് |

Sandhya

**സെക്ഷൻ ഓഫീസർ**